**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5240. 30.06.2014 ൽ മറുപടിയ്ക്ക്.

<u>പാസഞ്ചർ വെഹിക്കിളുകളിൽ വാതിലുകൾ വേണമെന്ന നിർദ്ദേശം</u>

| ചോദ്യം<br>ശ്രീമതി. കെ. എസ്. സലീഖ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്കൂൾ ബസ് ഉൾപ്പെടെ ഏതെല്ലാം പാസഞ്ചർ വെഹിക്കിളുകളിലാണ് വാതിലുകൾ വേണമെന്ന നിർദ്ദേശങ്ങളും കോടതി വിധികളും നിലവിലുള്ളത് ; | (എ) | കേരള മോട്ടോർവാഹന ചട്ടങ്ങളിലെ ചട്ടം 280 പ്രകാരം എല്ലാ ക്യാരേജ് വാഹനങ്ങൾക്കും ഡോർ ഘടിപ്പിക്കേണ്ടതാണ്. സ്കൂൾ ബസ് കൂടാതെ സ്റ്റേജ് കാര്യേജുകളിലും വാതിലുകൾ വേണമെന്ന കോടതി വിധി നിലവിലുണ്ട്. നിലവിലുള്ള കേരള മോട്ടോർ വാഹന ചട്ടം അനുസരിച്ച് സിറ്റി, ടൗൺ സർവ്വീസുകളെ വാതിൽ പാളി വേണമെന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതുകൊണ്ട് പുതതായി രജിസ്റ്റർ ചെയ്യുന്ന ബസ്സുകളിൽ ന്യൂമാറ്റിക് ഡോർ ഘടിപ്പിക്കണമെന്ന വ്യവസ്ഥ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ ഡോറുകൾ ഇല്ലാത്തതിന്റെ പേരിൽ എത്ര തുക ഫൈൻ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഈടാക്കിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | 2011-ൽ 5,42,200/- രൂപയും,<br>2012-ൽ 5,30,950/- രൂപയും,<br>2013-ൽ 7,01,600/- രൂപയും,<br>2014-ൽ ഇതുവരെ 3,44,350/- രൂപയും പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട് |
| (സി) | ഇത്തരത്തിൽ വാതിലുകൾ ഇല്ലാത്ത കാരണത്താൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അപകടങ്ങൾ ഉണ്ടായി ; എത്ര പേർ മരണപ്പെട്ടു ; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചു; വിശദാംശം ലഭ്യമാക്കുമോ ; | (സി) | 148 അപകടങ്ങളും, 24 മരണവും 2 പേർക്ക് അംഗവൈകല്യവും സംഭവിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന ബസുകളെ കണ്ടെത്താനായി മനുഷ്യാവ | (ഡി) | |

| | | | |
|---|---|---|---|
| | കാശകമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങൾ വകുപ്പിന് നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ ; | | ഗതാഗത വകുപ്പിന് നിർദ്ദേശങ്ങൾ നല്കിയിട്ടില്ല. |
| (ഇ) | ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന ബസുകളെ കണ്ടെത്തി വാതിലുകൾ ഘടിപ്പിച്ചശേഷം സർവ്വീസ് നടത്തിയാൽ മതിയെന്ന കർശന നിർദ്ദേശം നൽകുമോ ; സർക്കാർ നിർദ്ദേശം പാലിക്കാത്ത ഇത്തരം വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ഇ) | നിർദ്ദേശം നല്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാത്ത ബസ്സുകൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.